**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *567 **22.05.2017** - ലെ മറുപടിയ്ക്ക്

**ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

ചോദ്യം

ശ്രീമതി വീണാ ജോർജ്

ശ്രീ. ബി. സത്യൻ

ശ്രീ. കെ സുരേഷ് കുറുപ്പ്

ശ്രീ. ആന്റണി ജോൺ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഭവന നിർമ്മാണ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്ത മാക്കാമോ ; | (ബി) | ഭവന നിർമ്മാണ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിശദവിവരങ്ങൾ **അനുബന്ധം I** ആയി ചേർത്തിരിക്കുന്നു. |
| (സി) | പുതിയ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (സി) | ഭവന നിർമ്മാണ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ **അനുബന്ധം II** ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്ന തിനായി ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി കൾ സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് എല്ലാവർക്കും വീട് ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) നടപ്പിലാക്കുന്നതിന് ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല. |

Subha

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ

### (1) ഇന്നവേറ്റീവ് ഭവന പദ്ധതി

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണിത്.

**പൂർത്തിയാക്കിയ ഇന്നവേറ്റീവ് പദ്ധതികൾ**

1) തിരുവനന്തപുരം, പൂജപ്പുര ഫേസ് 1 - 16
2) തിരുവനന്തപുരം, പൂജപ്പുര ഫേസ് 2 -24
3) തിരുവനന്തപുരം, പൂജപ്പുര ഫേസ് 3 -24
4) എറണാകുളം, തൃക്കാക്കര - 36
5) തൃശ്ശൂർ, കുട്ടനെല്ലൂർ ഫേസ് 1 - 24
6) തൃശ്ശൂർ, കുട്ടനെല്ലൂർ ഫേസ് 2 - 24
7) തൃശ്ശൂർ, കുട്ടനെല്ലൂർ ഫേസ് 3 - 24
8) കോഴിക്കോട് ഫേസ് 1 - 24
9) കോഴിക്കോട് ഫേസ് 2 - 16

കൂടാതെ തിരുവനന്തപുരത്ത് പൂജപ്പുരയിൽ ഫേസ് 4 ആയി 24 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

### 2.വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതികൾ

സംസ്ഥാനത്ത് വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

<u>പൂർത്തീകരിച്ച വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ</u>

| | |
|---|---|
| കോട്ടയത്ത് ഗാന്ധിനഗർ | 186 കിടക്കകൾ |
| എറണാകുളം കാക്കനാട് | 121 കിടക്കകൾ |
| തൊടുപുഴ, മുട്ടം | 180 കിടക്കകൾ |

| | |
|---|---|
| പുല്ലഴി | 125 കിടക്കകൾ |
| മുട്ടം (അഡീഷണൽ ബ്ലോക്ക്) | 74 കിടക്കകൾ |
| കിഴക്കേ ചാലക്കുടി | 71 കിടക്കകൾ |

പൂർത്തീകരണ ഘട്ടത്തിലുള്ള വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ

| | |
|---|---|
| തൃശ്ശൂർ മുളംകുന്നത്തുകാവ് | 142 കിടക്കകൾ |
| എറണാകുളം , ഇടപ്പള്ളി | 98 കിടക്കകൾ |
| തിരുവനന്തപുരം എൻ.സി.സി.നഗർ | 73 കിടക്കകൾ |
| ഇടുക്കി , കട്ടപ്പന | 125 കിടക്കകൾ |
| കോഴിക്കോട് | 159 കിടക്കകൾ |

പുതുതായി നിർമ്മാണം നടത്താനുദ്ദേശിക്കുന്ന വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ

| | |
|---|---|
| മാഥൂർ (കാസർഗോഡ്) | 109 കിടക്കകൾ |
| മാനന്തവാടി (വയനാട്) | 169 കിടക്കകൾ |
| പൗണ്ട് കടവ് (തിരുവനന്തപുരം) | 1296 കിടക്കകൾ |
| ഗാന്ധിനഗർ (കോട്ടയം) അഡീ. ബ്ലോക്ക് | 139 കിടക്കകൾ |
| പീരുമേട് (ഇടുക്കി) | പദ്ധതി രൂപകൽപ്പന ചെയ്തു വരുന്നു |

**3 പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന നിർമ്മാണ പദ്ധതികൾ**

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതികളാണ് പാരസ്പര്യ പദ്ധതികൾ

തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളടങ്ങുന്ന കെട്ടിട സമുച്ചയം പാരസ്പര്യം മാതൃകയിൽ നിർമ്മിച്ച് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരത്ത് അമ്പലനഗറിലും (60 ഫ്ലാറ്റുകൾ) എറണാകുളത്ത് പനമ്പള്ളി നഗറിലും (29 ഫ്ലാറ്റുകൾ), കുമാരനാശാൻ നഗറിലും (33 ഫ്ലാറ്റുകൾ), കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന

പദ്ധതിയിലും (72 ഫ്ലാറ്റുകൾ) പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

താഴെപ്പറയുന്ന പാരസ്പര്യം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

i. എറണാകുളത്ത് തൃക്കാക്കര കമ്മേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (16 ഫ്ലാറ്റുകളും 153.45 ച.മീ. കമ്മേഴ്സ്യൽ ഏരിയയും)
ii. എറണാകുളത്ത് ഇരുമ്പനം കമ്മേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് (ഘട്ടം 1) പദ്ധതി (43 ഫ്ലാറ്റുകളും 1213.27 ച.മീ. കമ്മേഴ്സ്യൽ ഏരിയയും)
iii. ചങ്ങനാശ്ശേരി (സൈറ്റ് II )റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പദ്ധതി (72 ഫ്ലാറ്റുകൾ)
iv. കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം ഗ്രീൻ സ്കൈ വില്ലകൾ ( 45 ഫ്ലാറ്റുകൾ)
v. കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പദ്ധതി (36 ഫ്ലാറ്റുകൾ)
vi. തൃശ്ശൂരിൽ ഇരിങ്ങാലക്കുട കമ്മേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (10 ഫ്ലാറ്റുകളും 232.30 ച.മീ. കമേഴ്സ്യൽ ഏരിയയും )
vii. കിഴക്കേ ചാലക്കുടി കമ്മേഴ്സ്യൽ കോംപ്ലക്സ് പദ്ധതി (4193.77 ച.മീ. കമ്മേഴ്സ്യൽ ഏരിയ)
viii. എറണാകുളത്ത് ഇരുമ്പനം കമ്മേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (ഘട്ടം 2) (32 ഫ്ലാറ്റുകളും 90.19 ച.മീ. കമ്മേഴ്സ്യൽ ഏരിയയും)

## 4 സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. പണി തുടങ്ങുന്നതിനുമുമ്പ് Demand Survey നടത്തി എത്ര ഫ്ലാറ്റുകൾ നിർമ്മിക്കണമെന്ന് തീരുമാനിക്കേണ്ടതും പദ്ധതി നിർവ്വഹണം ടി ഗുണഭോക്താക്കളുടെ താല്പര്യവും ആവശ്യവുംകണക്കിലെടുത്ത് അർഹരായ ഗുണഭോക്താക്കളെപഞ്ചായത്തും, ഭവന നിർമ്മാണ ബോർഡും ഉൾപ്പെടുന്ന beneficiary selection committee രൂപീകരിച്ച് തെരഞ്ഞെടുക്കുന്നു. ഇപ്രകാരം 210 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവയുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.

## 2013-14 -ലെ സാഫല്യം പദ്ധതി

(a) കൊല്ലം ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളുടെ നിർമ്മാണം 30.06.2015-ൽ പൂർത്തീകരിച്ച് അലോട്ടികൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്.
(b) കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.
(c) തൃശ്ശൂർ പുതുക്കാട് 72 യൂണിറ്റുകൾ വിഭാവന ചെയ്തെങ്കിലും 48 യൂണിറ്റുകളുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിച്ചു. പഞ്ചായത്തു വിഹിതവും ഗുണഭോക്തൃ വിഹിതവും ലഭ്യമാക്കാൻ

പഞ്ചായത്തിന് കഴിയില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ടി പദ്ധതി തൽക്കാലം നിർത്തിവച്ചിരിക്കുയാണ്.

(d) എറണാകുളം ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകൾ പൂർത്തീകരിച്ച കൈമാറി.

**2014-15 -ലെ സാഫല്യം പദ്ധതി**

**(a) എറണാകുളം ഇലഞ്ഞി**

പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തിൽ നിന്നും ലഭ്യമാകാത്തതിനാൽ നടപ്പാക്കാൻ കഴിഞ്ഞില്ല.

(b) **പാലക്കാട് ലക്കിടി പേരൂർ**

66 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് വിഭാവന ചെയ്തെങ്കിലും 24 ഗുണഭോക്താക്കൾ മാത്രം പേർ രജിസ്റ്റർ ചെയ്തതിനാൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

## 5.സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതികൾ

സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

**പൂർത്തീകരിച്ച വടകവീട് പദ്ധതികൾ**

(1) ഇടുക്കി ദേവികുളത്ത് Phase II, Phase III ആയി 2013-14 വർഷത്തിലാരംഭിച്ച 12 ഫ്ലാറ്റുകൾ പൂർത്തീകരിച്ച് സബ് കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

(2) കാസർഗോഡ് (ഫേസ് 1, ഫേസ് 2, ഫേസ് 3) 36 ഫ്ലാറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(3) തൃശ്ശൂർ കുട്ടനെല്ലൂരിൽ 6 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു.

## 6.ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമാക്കിയിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

Subha S

## അനുബന്ധം II

## ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഭവന നിർമ്മാണ പദ്ധതികൾ

### 1. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിച്ച് കാസർഗോഡ് ജില്ലയിൽ നാലാം ഘട്ടമായി 24 ഫ്ലാറ്റുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

### 2. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതി

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പാർപ്പിടസമുച്ചയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

### 3. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കാസർഗോഡ് ജില്ലയിൽ മാഥൂറും, വയനാട് ജില്ലയിൽ മാനന്തവാടിയിലും, കോട്ടയത്ത് ഗാന്ധിനഗറിലും, ഇടുക്കിയിൽ പീരുമേട്ടും, തിരുവനന്തപുരത്ത് പൗണ്ട്കടവിലും പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. **തിരുവനന്തപുരത്ത് ജഗതിയിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണ പദ്ധതി**

തിരുവനന്തപുരത്ത് ജഗതിയിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 35.78 സെന്റ് സ്ഥലത്ത് അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് സമുച്ചയം പണിയുന്നതിനായി ഭൂമിവില ഇല്ലാതെയുള്ള പദ്ധതിച്ചെലവായ 25 കോടി രൂപയ്ക്ക് സ.ഉ.(കൈ)6/2017/ഭവനം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

5. **ആശ്വാസ് വാടകവീട് പദ്ധതി**

മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്ക് സമീപം ലഭ്യമാകുന്ന റവന്യൂ ഭൂമിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ആശ്വാസ് വാടകവീട് പദ്ധതി ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് രൂപകൽപ്പന ചെയ്യുന്നതാണ്.

6. **വിശ്രാന്തി ഹോമുകൾ**

വയോജനങ്ങൾക്ക് വേണ്ടി ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് വിശ്രാന്തി ഹോമുകൾ.

7. **തോട്ടം തൊഴിലാളികൾക്ക് വേണ്ടിയുള്ള ഭവന പദ്ധതി**

2017 വർഷത്തെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ തോട്ടം തൊഴിലാളികൾക്ക് വേണ്ടി ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്

Sobha S